"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. എൻ.എസ്. വിനു ഫയൽ ചെയ്ത OA 456/2022 നമ്പർ കേസിന്റെ 12.10.2022 ലെ ഉത്തരവ് നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.566/2022/F&WLD തീയതി,തിരുവനന്തപുരം, 14-12-2022.

പരാമർശം:-

1. ശ്രീ. എൻ.എസ്. വിനു സമർപ്പിച്ച 21.03.2022 ലെ അപേക്ഷ.
2. 16.06.2022 ലെ എഫ്3/144/2022/വനം നമ്പർ കത്ത്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. എൻ.എസ്. വിനു ഫയൽ ചെയ്ത OA 456/2022 നമ്പർ കേസിന്റെ 12.10.2022 ലെ ഉത്തരവ്.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.11.2022 ലെ ഇ7-4931/2019 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷനിൽ നിന്നും റാന്നി ഡിവിഷനിലേയ്ക്ക് സ്ഥലം മാറ്റം നൽകിയതിനെതിരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. എൻ.എസ്. വിനു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 456/2022 നമ്പർ കേസിൽ, അപേക്ഷകൻ പരാമർശം (1) പ്രകാരമുള്ള Annexure A12 അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാന്റെ അപേക്ഷയും ടി കേസിലെ 5-ാം എതിർകക്ഷിയുടെ പരാതിയും പരിഗണിച്ച്, ടിയാന് നിയമനം നൽകുന്ന വിഷയത്തിൽ, സർക്കാർ തീരുമാനമെടുക്കേണ്ടതാണെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. എൻ.എസ്.വിനു, സാമൂഹ്യമാധ്യമങ്ങൾ വഴി നടത്തിയ അപകീർത്തികരമായ പരാമർശങ്ങൾ ഉൾപ്പടെയുള്ള കാരണങ്ങൾ വ്യക്തമാക്കി കുമാരി. ധന്യ.ജി.റ്റി സമർപ്പിച്ച പരാതിയെ തുടർന്ന് ടിയാനെ പത്തനംതിട്ട ജില്ലയിലെ കോന്നി വനം ഡിവിഷനിൽ നിയമിക്കുകയുണ്ടായി. എന്നാൽ തുടർന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിളിന്റെ ഉത്തരവ് പ്രകാരം ടിയാനെ കോന്നി ഡിവിഷനിൽ നിന്നും വീണ്ടും തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുകയുണ്ടായി. ശ്രീ.എൻ.എസ്. വിനുവിന്റെ തിരുവനന്തപുരം ജില്ലയിലേക്കുള്ള സ്ഥലംമാറ്റം തന്റെ മകൾ കുമാരി.ധന്യ.ജി.യുടെ ഔദ്യോഗികവും വ്യക്തിപരവുമായ ജീവിതത്തിന് ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടി കുമാരി ധന്യയുടെ മാതാവ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ശ്രീ. എൻ.എസ്. വിനുവിനെ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ടിയാനെ പത്തനംതിട്ട ജില്ലയിലെ ഏതെങ്കിലും ഡിവിഷനിലോ, കൊല്ലം ജില്ലയിലെ അച്ചൻകോവിൽ ഡിവിഷനിലോ നിയമിക്കാനുള്ള നിർദ്ദേശം നൽകിക്കൊണ്ടും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 1.11.2021 ലെ ഇ7-4931/2019 പ്രകാരം ഉത്തരവാകുകയുണ്ടായി.

3. ശ്രീ.എൻ.എസ്.വിനു ഉദരസംബന്ധമായ അസുഖത്താലും, പ്രമേഹ രോഗത്താലും പട്ടം SUT ഹോസ്പിറ്റലിൽ ചികിത്സയിൽ ആയതിനാൽ സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കരുതെന്നാവശ്യപ്പെട്ട് ശ്രീ.എൻ.എസ്. വിനു വിന്റെ ഭാര്യ ശ്രീമതി. ജിഷാ വിനു, മെഡിക്കൽ രേഖകൾ സഹിതം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടിയാന്റെ സ്വദേശത്തിനടുത്തുള്ള ഏതെങ്കിലും ഒഴിവുള്ള സ്ഥലത്തു നിയമനം നൽകാനുള്ള നിർദ്ദേശം കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകുകയുണ്ടായി. തുടർന്ന് കുളത്തുപ്പുഴ റേഞ്ചിലേയ്ക്ക് സ്ഥലമാറ്റം നൽകുകയുണ്ടായി.

4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 1.11.2021 ലെ ഉത്തരവ് നടപ്പിലാക്കാത്തതു സംബന്ധിച്ച് ധന്യയുടെ മാതാവ് ശ്രീമതി.ഗിരിജാകുമാരി വീണ്ടും സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, ശ്രീ.വിനുവിനെ റാന്നി ഡിവിഷനിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. കുമാരി. ധന്യ.ജി.റ്റി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.വിനുവിനെതിരെ പാലോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ FIR രജിസ്റ്റർ ചെയ്യുകയും, ബഹു. നെടുമങ്ങാട് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ (ഫോറസ്റ്റ് ഒഫൻസ്) ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ ജീവനക്കാരെ അപമാനിക്കുന്ന തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചതായി ആരോപണം നേരിടുകയും തുടർന്ന് സ്ഥലം മാറ്റം ചെയ്യപ്പെടുകയും പ്രസ്തുത വിഷയത്തിൽ വകുപ്പ് തല അന്വേഷണം നടക്കുകയും ടിയാനെ പ്രതിയാക്കി കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടിയാനെ കുളത്തുപ്പുഴ റേഞ്ചിൽ നിലനിർത്തുന്നത് ശരിയായ നടപടി അല്ല എന്ന് സർക്കാർ പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

6. ശ്രീ. എൻ.എസ്. വിനുവിന്റെ മെഡിക്കൽ രേഖകൾ പരിശോധിച്ചതിൽ ടിയാന് പാൻക്രിയാറ്റിക് രോഗം സ്ഥിരീകരിച്ചതായി കാണുന്നു. മേൽ സാഹചര്യത്തിൽ, ശ്രീ. എൻ.എസ്. വിനു സമർപ്പിച്ച മെഡിക്കൽ രേഖകളുടെ നിജസ്ഥിതി പരിശോധിച്ച് മാനുഷിക പരിഗണന അർഹിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ, രോഗാവസ്ഥ കണക്കിലെടുത്തു മാത്രം, ടിയാന് കുമാരി. ധന്യ.ജി.റ്റി. ജോലി ചെയ്യുന്ന ഡിവിഷനിലൊഴികെ, സൗകര്യപ്രദമായി നിയമനം നൽകുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിക്കൊണ്ടു ഉത്തരവാകുന്നു. അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം.

ശ്രീ. എൻ.എസ്. വിനു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ., ചിറ്റാർ നോർത്ത് സെക്ഷൻ ഓഫീസ്, മടത്തറ, തിരുവനന്തപുരം-691 549.

അഡ്വക്കേറ്റ് ജനറൽ , കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

.ഉ.(സാധാ) നം.566/2022/F&WLD

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 14-12-2022 16:22:31
സെക്ഷൻ ഓഫീസർ.